# പഞ്ചായത്ത് വകുപ്പ്
# കോവിഡ് 19 പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ




**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്**
**തിരുവനന്തപുരം**

# കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങള് ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയില് ഗ്രാമപഞ്ചായത്ത് തലത്തിലെ വിവിധ പ്രവർത്തനങ്ങ ള്

1. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങള് ഗ്രാമപഞ്ചായത്ത് വാർഡ്തലത്തില് പ്രവർത്തിക്കുന്നതിനായി ജില്ലയിലെ 1299 ഗ്രാമപഞ്ചായത്ത് വാർഡുകളില് നിന്നും 10 വോളണ്ടിയേഴ്സിനെ വീതം തെരഞ്ഞെടുത്ത് പരിശീലനം നൽകുകയുണ്ടായി.





2. വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ് മെമ്പർ, ആരോഗ്യപ്രവർത്തകർ, വോളണ്ടിയർമാര് എന്നിവരടങ്ങിയ വാർഡ്തല കമ്മറ്റി രൂപീകരിക്കുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, മെഡിക്കൽ ആഫീസര് എന്നിവർ അടങ്ങിയ കമ്മറ്റിരൂപീകരിക്കുകയും ചെയ്തു.




3. കോവിഡ്-19 പ്രതിരോധിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും മൈക്ക് അനൗൺസ്മെന്റ് ഉൾപ്പടെ ബോധവൽക്കരണം നടത്തുകയുണ്ടായി.






4. ബ്രേക്ക് ദ ചെയ്ൻ– ക്യാമ്പയിന് ജില്ലാ ആഫീസും, 5 പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളും, 73 ഗ്രാമപഞ്ചായത്തുകളും നടത്തി വരുന്നു.



5. കോവിഡ്–19 സമൂഹ വ്യാപനം തടയുന്നതിനായി നിരീക്ഷണത്തില് പാർപ്പിക്കേണ്ടതിന് ജില്ലയില എല്ലാ ഗ്രാമപഞ്ചായത്തുകളും ക്വാറന്റൈന് ഷെൽറ്ററുകള് കണ്ടെത്തുന്നതിന് പരിശ്രമിക്കുകയും 42 സെന്ററുകള് കണ്ടെത്തി സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.





6. വീടുകളിൽ ക്വാറന്റൈൻ ചെയ്യുന്നവരെ നിരീക്ഷിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും വോളണ്ടിയർ, ആരോഗ്യ പ്രവർത്തകൻ, ജനമൈത്രി പോലീസ് എന്നിവരടങ്ങിയ 5 ടീമുകള് വീതം രൂപീകരിക്കുകയും ദിവസേന വീടുകൾ സന്ദർശിച്ച് മെഡിക്കല് ആഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.







7. ജില്ലാ തലത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ കോവിഡ് -19 സെല് രൂപീകരിക്കുകയും നിലവില് അത് വാര് റൂമായി പ്രവർത്തിക്കുകയും ചെയ്യുന്നു.











8. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കോവിഡ്-19 സെല് രൂപീകരിക്കുകയും അത് വാര്റൂമായി നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.





9. ലോക്ക്ഡൌൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് - പൊതുജനങ്ങൾക്ക് ആഹാര ദൌർലഭ്യം ഉണ്ടാകാതിരിക്കുന്നതിനായി ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചണുകള് പ്രവർത്തനം ആരംഭിക്കുകയും നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങള് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് തലത്തില് നിരീക്ഷിക്കുകയും അവശ്യം വേണ്ട നിർദ്ദേശങ്ങള് നൽകിവരികയും ചെയ്യുന്നുണ്ട്.











10. പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗങ്ങളുടെ ക്ഷേമത്തിനായി ടിയാളുകളെ കണ്ടെത്തി പട്ടിക തയ്യാറാക്കുന്നതിനും ആവശ്യമുള്ളവർക്ക് സൌജന്യ ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.





11. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി ജില്ലയിലെ 73 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും താമസിക്കുന്ന പന്ത്രണ്ടായിരത്തോളം വരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തുകയും സെറ്റിൽമെന്റുകളിൽ ഭക്ഷണ സാമഗ്രികൾ, മരുന്ന്, വൈദ്യസഹായം മുതലായവ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ടി സെറ്റിൽമെന്റുകള് ശുചീകരിക്കുന്നതിന് വേണ്ട സാമഗ്രികള് വാങ്ങി നൽകുന്നതുൾപ്പടെയുള്ള മുഴുവന് ക്ഷേമ പ്രവർത്തനങ്ങളും നടത്തി വരുന്നു.





12. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ, സംശയങ്ങള് എന്നിവ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽപ്പ്ഡെസ്കുകള് പ്രവർത്തിച്ച് വരുന്നു.






13. വിദേശ രാജ്യങ്ങളിൽ നിന്നും വന്നതും കാസർഗോഡ് ഉൾപ്പടെയുള്ള മറ്റ് ജില്ലകളിൽ നിന്നും കടല് മാർഗ്ഗവും, റോഡു മാർഗ്ഗവും എത്തിച്ചേർന്നതുമായ തീരദേശ വാസികളെ ക്വാറന്റൈനിൽ പാർപ്പിക്കുന്നതിന് കുളത്തൂര് ഗ്രാമപഞ്ചായത്തിൽ കോവിഡ് കെയര് സെന്റര് പ്രവർത്തിക്കുന്നുണ്ട്.

<u>കുളത്തൂർ ഗ്രാമപഞ്ചായത്ത്</u>:-കൊറോണ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട അന്യജില്ലകളിൽ മത്സ്യബന്ധനത്തിന് പോയിവന്ന സ്വന്തം കുടിലുകളിൽ/വീടുകളിൽ ക്വാറന്റൈനില് കഴിയാന് സൌകര്യമില്ലാത്ത മത്സ്യതൊഴിലാളികൾക്കായി 24/03/2020 ല് പൊഴിയൂര് സെന്റ് മാത്യൂസ് സ്കൂളിലും 25/03/2020ൽ പോഴിയൂര് ഗവൺമെന്റ് യൂ പി സ്കൂളിലും ഓരോ ക്യാമ്പുകള് ആരംഭിച്ചു. കാസർഗോഡ് ജില്ലയില് നിന്നും വന്ന 28 പേരെ ആരോഗ്യവകുപ്പിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം 29/3/2020ൽ നെയ്യാറ്റിൻകര നിംസ് ആശുപത്രിയിലെ കൊറോണ കെയർ സെന്ററിലേക്ക് മാറ്റി. നിലവിൽ സെന്റ് മാത്യൂസ് യു പി സ്കൂളിൽ 73 പേരും ഗവൺമെന്റ് യു പി സ്കൂളില് 72 പേരും നിരീക്ഷണത്തിലുണ്ട്. ഇവർക്ക് ഭക്ഷണം, മരുന്ന്, മറ്റ് സൌകര്യങ്ങൾ എല്ലാം പഞ്ചായത്ത് നേരിട്ട് നൽകിവരുന്നു.

**കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ പൊഴിയൂർ കൊറോണ കെയർ സെന്ററിലെ അവസാനത്തെ ബാച്ച് മത്സ്യ തൊഴിലാളികളെയും നിരീക്ഷണ കാലം പൂർത്തിയാക്കി ) 9-4-2020 ) യാത്രയാക്കിയപ്പോൾ**



<u>കോട്ടുകാൽ ഗ്രാമപഞ്ചായത്ത്</u>:-കോട്ടുകാൽ ഗ്രാമപഞ്ചായത്തില് കൊറോണ കെയർ സെന്റര് മാർച്ച് 25 ന് പി ടി എം എച്ച് എസ് എസ് ല് ആരംഭിക്കുകയും 29/03/2020 ല് അടിമലത്തുറ ആനിമേഷന് സെന്ററിലേക്ക് ടി ആളുകളെ മാറ്റി പാർപ്പിക്കുകയും 02/04/2020 ന് ടി സെന്ററിലുണ്ടായിരുന്ന പതിനൊന്ന് പേരെ മാര് ഇവാനിയോസ് കോളേജ് ഹോസ്റ്റലിലേക്ക് മാറ്റുകയും ചെയ്തു.

കരുംകുളം ഗ്രാമപഞ്ചായത്ത്:-23/03/2020 ല് വിദേശ രാജ്യങ്ങളില് നിന്നും വന്ന 63 മത്സ്യതൊഴിലാളികളെ കോർപ്പറേഷൻ പരിധിയിലുള്ള യൂണിവേഴ്സിറ്റി ഹോസ്റ്റൽ, ഐ എം ജി ഹോസ്റ്റൽ എന്നീ കൊറോണ കെയര് സെന്ററുകളിലേക്ക് മാറ്റുകയും 26/03/2020, 27/03/2020 തീയതികളിലായി ടി 63 മത്സ്യതൊഴിലാളികളെ തിരികെ പഞ്ചായത്ത് കൊറോണ കെയർ സെന്ററായി കണ്ടെത്തിയ ലിയോ 13 ഹയർസെക്കന്ററി സ്കൂളിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്തു. കൂടാതെ 54 പേരെ കൂടി 27/03/2020 ല് ടി സ്കൂളില് ക്വാറന്റൈനിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി ടിയാളുകളെ ടി സെന്ററിൽ നിലനിർത്തുന്നതിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ നിമിത്തം മറ്റ് സംസ്ഥാനങ്ങളില് നിന്നും വന്ന 68 പേരെ 29/03/2020 ന് കാരക്കോണം മെഡിക്കല് കോളേജിലേക്ക് മാറ്റുകയും അവിടേയും ക്വാറന്റൈനിലാക്കുന്നതിന് കഴിയാതെ വന്നതിനാല് 30/03/2020 ല് ടി 68 പേരേയും 31/03/2020 ല് ലിയോ 13 സ്കൂളിലുണ്ടായിരുന്ന 28 പേരേയും, 02/04/2020 ല് പുതുതായി ക്വാറന്റൈനില് പാർപ്പിക്കേണ്ടി വന്ന 9 പേരേയും കോർപ്പറേഷന് പരിധിയിലുള്ള മാര് ഇവാനിയോസ് കോളേജ് ഹോസ്റ്റലിലേക്ക് മാറ്റിയിട്ടുള്ളതാകുന്നു.

14. വകുപ്പ് തലത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിനായി ദൈനംദിനം ശേഖരിക്കപ്പെടുന്ന റിപ്പോർട്ടുകളും ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന അഞ്ചോളം റിപ്പോർട്ടുകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ വാർ റൂം മുഖേന ഗ്രാമപഞ്ചായത്തുകളില് നിന്നും വാങ്ങി ക്രോഡീകരിച്ച് നൽകപ്പെടുന്നു.



15. 05/04/2019 മുതല് ജില്ലയില് 9 ഗ്രാമപഞ്ചായത്തുകളിലായി 9 ജനകീയ ഹോട്ടലുകള് ആരംഭിക്കുകയും ആവശ്യം വേണ്ടവർക്ക് ഭക്ഷണം നൽകി വരുന്നു.
16. സർക്കാരിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നിർദ്ദേശങ്ങളും ഉത്തരവുകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ വാർ റൂം മുഖേന 73 ഗ്രാമപഞ്ചായത്തുകൾക്കും നൽകുകയും ആയത് നടപ്പിലാക്കുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങള് നിരന്തരം നൽകുകയും സമായാസമയം ഉണ്ടാകുന്ന പ്രശ്നങ്ങളില് യഥാസമം ഇടപെട്ട് പരിഹാരം കണ്ടെത്തുകയും ചെയ്ത് വരുന്നു.

മേൽ വിവരിച്ച പ്രവർത്തനങ്ങൾക്കായി അക്ഷീണം പ്രയത്നിക്കുന്ന ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമാരും ജീവനക്കാരും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും, ഈ പ്രവർത്തനങ്ങളില് അപ്പപ്പോള് ഇടപെട്ട്

ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങള് നൽകുന്നതിനും റിപ്പോർട്ടുകള് സർക്കാരിലേക്ക് യഥാസമയം നൽകുന്നതിനും പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിലെയും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളിലെയും ജീവനക്കാരും നൽകിവരുന്ന സേവനം പ്രശംസനീയമാണ്.